# കേരള ബജറ്റ് 2018-19 : ധനപ്രതിസന്ധിയ്ക്കും, സാമ്പത്തിക മാന്ദ്യത്തിനും പരിഹാരം നിർദ്ദേശിക്കാത്ത ബജറ്റ്

ഡോ. ബി. എ. പ്രകാശ്

---

## ധനസ്ഥിതിയും സാമ്പത്തിക നിലയും

സംസ്ഥാന സർക്കാർ രൂക്ഷമായ ധനകാര്യ പ്രതിസന്ധിയും കേരള സമ്പദ് ഘടന കടുത്ത സാമ്പത്തിക മാന്ദ്യവും നേരിടുന്ന സമയത്താണ് സംസ്ഥാന ബജറ്റ് അവതരിപ്പിച്ചത്. 2016 ജൂണിൽ പ്രസിദ്ധീകരിച്ച ധവളപത്രം സംസ്ഥാന സർക്കാർ രൂക്ഷമായ ധനകാര്യ പ്രതിസന്ധിയിലാണെന്നും ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ട് പോകുന്നതെങ്കിൽ 2017-18 ൽ സംസ്ഥാനം ധനകാര്യ തകർച്ചയിലേക്കും സാമ്പത്തിക അരാജകത്വത്തിലേക്കും നീങ്ങുമെന്നും പ്രവചിച്ചിരുന്നു. ആ പ്രവചനം യാഥാർഥ്യമായി. 2017 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നു മാസക്കാലം ട്രഷറി പ്രവർത്തനങ്ങൾ പൊതുവിൽ സ്തംഭനാവസ്ഥയിലായിരുന്നു. ശമ്പളവും പെൻഷനും ഒഴിച്ചുള്ള ബില്ലുകൾ പാസാക്കാത്ത അവസ്ഥയിലായിരുന്നു. സർക്കാർ വകുപ്പുകൾ ട്രഷറിയിൽ നൽകിയ ചെറിയ തുകയ്ക്കുള്ള ബില്ലുകൾ പോലും പാസാക്കാൻ പണമില്ലാത്ത സ്ഥിതിയിലായിരുന്നു. സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ബില്ലുകളും മാറാൻ കഴിയാതെ പദ്ധതി പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേക്ക് നീങ്ങി. മരാമത്ത് പണി നടത്തിയ 1400 കോടി രൂപയുടെ കുടിശിക ലഭിക്കാതെ കരാറുകാർ പുതിയ പണികൾ ഏറ്റെടുക്കില്ലെന്ന നിലപാടിലേക്ക് നീങ്ങി. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി ഭയാനകമാണെന്നും ശമ്പളവും പെൻഷനും എത്ര നാൾ കൊടുക്കാനാകും എന്നതുപോലും സംശയത്തിലാണെന്നും ഒരു മന്ത്രി പ്രസ്താവിച്ചിരുന്നു.

2013-14 നു ശേഷം സംസ്ഥാന സമ്പദ് ഘടനയിൽ സാമ്പത്തിക മുരടിപ്പും മാന്ദ്യവും തുടർച്ചയായി അനുഭവപ്പെടുകയാണ്. കേരള സമ്പദ് ഘടനയിൽ ഏറ്റവും കൂടുതൽ സ്വാധീനം സൃഷ്ടിച്ച ഗൾഫ് കുടിയേറ്റം, പണപ്രവാഹം എന്നിവയിൽ കഴിഞ്ഞ ചില വർഷങ്ങളായുള്ള പ്രതിസന്ധി ഒരു പ്രധാന കാരണമാണ്. ഗൾഫിലെ മലയാളികൾ വൻതോതിൽ തിരിച്ച് വരുകയും അവർ അയച്ചിരുന്ന പണത്തിൽ വലിയ ഇടിവും ഉണ്ടായിരിയ്ക്കുന്നു. കേരളത്തിലെ കൃഷിഭൂമിയുടെ 27 ശതമാനം കൃഷി ചെയ്യുന്ന റബ്ബർ കൃഷി കഴിഞ്ഞ നാലുവർഷങ്ങളായി റബ്ബറിന്റെ വിലയിലെ വലിയ ഇടിവുമൂലം വൻതകർച്ച നേരിടുന്നു. ഇതുമൂലം ലക്ഷ കണക്കിന് കർഷകരും സാമ്പത്തിക ദുരിതത്തിലാണ്. സംസ്ഥാന ആഭ്യന്തര വരുമാനത്തിലെ 16 ശതമാനം വരുന്ന നിർമ്മാണ മേഖല കഴിഞ്ഞ ചില വർഷങ്ങളായി സ്തംഭനാവസ്ഥയിലാണ്. നിർമ്മാണ രംഗത്തെ ഉത്പാദനം, തൊഴിൽ, വരുമാനം എന്നിവ വൻതോതിൽ ഇടിഞ്ഞു. ഈ സാഹചര്യത്തിൽ നടപ്പിലാക്കിയ നോട്ടു നിരോധനം അതിരൂക്ഷമായ കറൻസി ക്ഷാമം സൃഷ്ടിക്കുകയും, സംസ്ഥാന സമ്പദ് ഘടനയെ തകർച്ചയിലേക്കും നയിച്ചു. അഞ്ചു മാസത്തോളം നീണ്ടുനിന്ന നോട്ടു നിരോധത്തിന് പിന്നാലെ നടപ്പാക്കിയ ചരക്ക് സേവന നികുതിയും സാമ്പത്തിക മാന്ദ്യം കൂടുതൽ രൂക്ഷമാക്കാനാണ് ഇടയാക്കിയത്. ഈ സാഹചര്യത്തിലാണ് കേരള ബജറ്റ് 2018 ഫെബ്രുവരി രണ്ടിന് അവതരിപ്പിച്ചത്.

## ബജറ്റിലെ നയങ്ങളും നിർദ്ദേശങ്ങളും

കേരള ബജറ്റിലെ നയസമീപനം താഴെപറയുന്നവയാണ്. ഓഖി ചുഴലിക്കാറ്റ് വിതച്ച ദുരിതങ്ങളുടെയും സാമ്പത്തിക മുരടിപ്പ് സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥയുടെയും മധ്യേയാണ്

2018-19 ലേയ്ക്കുള്ള സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നതെന്ന് ധനമന്ത്രി പറയുന്നു. സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ, സുസ്ഥിരത, സമഗ്ര പശ്ചാത്തല സൗകര്യ വികസനം എന്നിവയാണ് ബജറ്റിന്റെ ലക്ഷ്യങ്ങൾ. എല്ലാവർക്കും വീട്, നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ജീവിത ശൈലീരോഗങ്ങൾക്കടക്കം സൗജന്യ ചികിത്സ, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവയാണ് ഈ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ സുപ്രധാന കണ്ണികൾ. തീരദേശത്തിന്റെ സമഗ്രവികസനത്തിനു വേണ്ടിയുള്ള പാക്കേജിന് 2018-19 ലെ ബജറ്റ് തുടക്കം കുറിയ്ക്കുന്നു. ജി.എസ്.ടി. വരുമ്പോൾ കേരളത്തിന്റെ നികുതി 20-25 ശതമാനം കണ്ട് ഉയരും എന്ന് പ്രതീക്ഷയാണ് ഉണ്ടായിരുന്നത്. എന്നാൽ പത്തു ശതമാനത്തിൽ താഴെ മാത്രമാണ് വർദ്ധിച്ചത്. നഷ്ടപരിഹാരവും കൂടി ചേർക്കുമ്പോൾ പതിനാലു ശതമാനം വർദ്ധന ജി.എസ്.ടി.യിൽ ഉണ്ട്. ജി.എസ്.ടി. നടപ്പിലായതോടെ ചെക്ക്പോസ്റ്റുകൾക്ക് നിയമ പ്രാബല്യമില്ലാതായി. അതോടെ ഒരു ബില്ലുമില്ലാതെ നിർബാധം ചരക്കുകൾ കേരളത്തിലേയ്ക്കൊഴുകുന്ന സ്ഥിതിയുണ്ടായി. ജി.എസ്.ടി. മാത്രമല്ല, പെട്രോളിനുമേലുള്ള വില്പന നികുതിയും രജിസ്ട്രേഷനും സ്റ്റാംമ്പ് ഡ്യൂട്ടിയും മന്ദഗതിയിലാണ് വളരുന്നത്. യഥാക്രമം 18 ഉം 11 ഉം ശതമാനം വീതം. സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാന വർദ്ധന 7.7 ശതമാനം മാത്രമാണ്. അതേസമയം, പദ്ധതിയേതര ചെലവ് 21 ശതമാനം വർദ്ധിച്ചു. ഈ സാഹചര്യത്തിൽ കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. ധനകമ്മി അനുവദനീയമായ 3 ശതമാനത്തിൽ ഒതുക്കി നിർത്താൻ ശ്രമിക്കും. 2018-19 ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കാൻ ശ്രമിക്കും. ധനപ്രതിസന്ധിമൂലം സർക്കാരിന് വികസനത്തിന് പണമില്ലാത്തത് മൂലം ബജറ്റിനു പുറത്ത് കിഫ്ബി വഴി പണം സമാഹരിച്ച് ബജറ്റിൽ ഉൾപ്പെടുത്തിയ ഏതാണ്ട് 50,000 കോടിയുടെ വികസന പദ്ധതികൾ നടപ്പിലാക്കും.

ഓഖി ദുരന്തം നേരിട്ട തീരദേശത്തിനു 2000 കോടിയുടെ പാക്കേജ്. കിഫ്ബി നിധിയിലെ നിക്ഷേപം ഉപയോഗിച്ച് തീരദേശത്തു 900 കോടിയുടെ പദ്ധതികളും നടപ്പിലാക്കും. കെ.എസ്.ആർ.ടി. യെ മൂന്നു ലാഭ കേന്ദ്രങ്ങളാക്കും. 1000 കോടി അനുവദിച്ചു. ബാങ്കുകളുടെ കൺസോർഷ്യം 3500 കോടി വായ്പ നൽകും. പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കില്ല. പകരം സഹകരണ ബാങ്കുകളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കും. കുടിശിക മാർച്ചിൽ നൽകും. പുതിയ തസ്തികകൾക്ക് നിയന്ത്രണം. വർക്ക് സ്റ്റഡി നടത്തി മാത്രമേ ഇനി പുതിയ തസ്തിക സൃഷ്ടിക്കൂ. ഇത് പ്രായോഗിക തലത്തിൽ നിയമന നിരോധനം ആകാൻ സാധ്യതയുണ്ട്. സർക്കാർ വാഹനം വാങ്ങാനും വിദേശ യാത്രയ്ക്കും ഫോൺ ഉപയോഗത്തിനും നിയന്ത്രണം ഏർപ്പെടുത്തും. സാമൂഹിക സുരക്ഷ പെൻഷൻ വാങ്ങുന്ന അനർഹർക്ക് പെൻഷൻ ഉപേക്ഷിക്കുവാൻ മാർച്ച് അവസാനം വരെ സമയം നൽകും. ഇതിനു ശേഷവും വാങ്ങിയാൽ കുടിശിക ഉൾപ്പെടെ തിരിച്ച് പിടിയ്ക്കും. സാമൂഹ്യ സുരക്ഷ പെൻഷൻ അർഹതയില്ലാത്തവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പാക്കും. ഏപ്രിൽ മുതൽ സംസ്ഥാന ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യും. എല്ലാ മെഡിക്കൽ കോളേജുകളിലും അർബുദ ചികിത്സാ സൗകര്യവും എല്ലാ ജില്ലാ ആശുപത്രികളിലും ഹൃദ്രോഗ ചികിത്സാ വിഭാഗവും തുടങ്ങും.

## പ്രധാന നികുതി നിർദ്ദേശങ്ങൾ

(1). ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം സൃഷ്ടിക്കപ്പെട്ട വിവിധ പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കും. നികുതി നിയമങ്ങളിൽ മാറ്റം ആവശ്യമായവ നടപ്പിലാക്കും. (2). 2010 ൽ ഭൂമിയുടെ ന്യായവില നിലവിൽ വന്നതിനു മുൻപുള്ള കാലത്ത് ആ വില കുറച്ച് കാണിച്ച 10

ലക്ഷം കേസുകൾ ഉണ്ട്. ഇവ തീർപ്പാക്കാൻ ഒരു പദ്ധതി നടപ്പിലാക്കും. കുറവ് മുദ്രവില 5000 രൂപവരെയുള്ള എല്ലാ കേസുകൾക്കും പൂർണ ഇളവ് നൽകി ഒഴിവാക്കും. ബാക്കിയുള്ളവ മുദ്രവിലയുടെ കുറവിന്റെ 30 ശതമാനം അടച്ചാൽ തുടർനടപടികൾ അവസാനിപ്പിയ്ക്കും. (3). കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ആധാരങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 1000 രൂപ അല്ലെങ്കിൽ വില്പന വിലയുടെ 0.2 ശതമാനം ഏതാണോ അധികം എന്നത് മുദ്രവിലയായി നിശ്ചയിക്കുന്നു. (4). ഭൂമിയുടെ നിലവിലെ ന്യായവില 10 ശതമാനം വർദ്ധിപ്പിയ്ക്കുന്നു. (5). ആധാര രജിസ്ട്രേഷന് ഭൂമിയുടെ ന്യായവില പോലെ വീടുകൾക്കും കെട്ടിടങ്ങൾക്കും ന്യായവില നിശ്ചയിക്കാൻ നിയമനിർമ്മാണം നടത്തുന്നതാണ്. (6). കേരള ഭൂനികുതി ഓർഡിനൻസ് 2014 പ്രകാരം വർദ്ധിപ്പിച്ച നികുതി നിരക്കുകൾ പുനഃസ്ഥാപിക്കുന്നു. (7). സർക്കാർ സേവനങ്ങൾക്കുള്ള എല്ലാ ഫീസുകളും ചാർജ്ജുകളും 5 ശതമാനം ഉയർത്തുന്നു. (8). ഒട്ടനവധി വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്യാതെ പുതുച്ചേരിയിൽ വ്യാജവിലാസത്തിൽ രജിസ്റ്റർ ചെയ്യുന്നു. (1500 ഓളം ആഡംബര വാഹനങ്ങളും, 2000 ഓളം കാറുകളും) ഇവ വാഹന നികുതി അടച്ച് ക്രമപ്പെടുത്താൻ 2018 ഏപ്രിൽ വരെ അവസരം നൽകും. (9). ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന നികുതി 400 രൂപ വരെ വിലയുള്ളതിനു 200 ശതമാനമായും 400 രൂപയ്ക്ക് മുകളിൽ വിലവരുന്നതിനു 210 ശതമാനമായും പരിഷ്ക്കരിയ്ക്കുന്നു. ബിയറിന്റെ നികുതി 100 ശതമാനമായി പരിഷ്ക്കരിയ്ക്കുന്നു. (10) ബിവറേജസ് കോർപ്പറേഷൻ വിദേശ നിർമ്മിത മദ്യത്തിന്റെ വ്യാപാരവും വിപണനവും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞതും മറ്റു നികുതി നിർദ്ദേശങ്ങളും വഴി അധിക വിഭവസമാഹരണമായി 2018-19 ൽ ലക്ഷ്യമിട്ടിട്ടുള്ളത് 970 കോടി രൂപയാണ്.

2018-19 ലെ കേരള ബജറ്റിന്റെ വലിപ്പം താഴെ പറയുന്നവയാണ്. പ്രതീക്ഷിക്കുന്ന റവന്യൂ വരവ് 1,02,801 കോടി രൂപയും റവന്യൂ ചെലവ് 1,15,661 കോടി രൂപയും റവന്യൂ കമ്മി (-)12,860 കോടി രൂപയുമാണ്. ഇതിൽ മൂലധന വരവും ചെലവും കൂടി ചേർത്താൽ മൊത്തം വരവും, ചെലവും ധനകമ്മിയും താഴെ പറയുന്നവയാണ്. മൊത്തം വരവ് 1,27,017 കോടിയും ചെലവ് 1,27,093 കോടിയും ധനകമ്മി (-)23,957 കോടിരൂപയുമാണ്. ചുരുക്കത്തിൽ ബജറ്റിൽ പ്രതീക്ഷിക്കുന്ന മൊത്തം കമ്മി അഥവാ ധനകമ്മി 23,957 കോടിയാണ്. ഈ കമ്മി പരിഹരിയ്ക്കാൻ ഇത്രയും തുക കടം എടുക്കേണ്ടി വരും.

## ബജറ്റ് അവലോകനം

ധനപ്രതിസന്ധി പരിഹരിയ്ക്കാൻ സംസ്ഥാന സർക്കാരിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കാനും, പല മേഖലകളിലെ ധനധൂർത്ത് ചെലവുകൾ അവസാനിപ്പിക്കാനും കാര്യമായ നടപടികൾ ഒന്നും ബജറ്റിൽ പ്രഖ്യാപിച്ചില്ല. ധനപ്രതിസന്ധിയ്ക്ക് ഉടൻ പരിഹാരം കാണാൻ കഴിയില്ലെന്നും, റവന്യൂ കമ്മി കുറയ്ക്കാൻ അഞ്ച് വർഷമെങ്കിലും എടുക്കുമെന്നാണ് ബജറ്റ് പറയുന്നത്. ചുരുക്കത്തിൽ ധനപ്രതിസന്ധിയും ധനകാര്യ രംഗത്തെ അരാജകത്വവും തുടരുമെന്ന സൂചനയാണ് ബജറ്റ് നൽകുന്നത്.

കഴിഞ്ഞ മൂന്ന് ദശാബ്ദ കാലത്തെ സംസ്ഥാന ധനസ്ഥിതി പരിശോധിച്ചാൽ അഞ്ച് വർഷത്തിലൊരിയ്ക്കൽ നടത്തുന്ന ശമ്പള പെൻഷൻ പരിഷ്ക്കരണവും വർഷത്തിൽ ശരാശരി രണ്ട് ഡി.എ. വർദ്ധനവും സൃഷ്ടിക്കുന്ന അധിക ധനബാധ്യതയാണ് പ്രതിസന്ധിയുടെ മൂല കാരണം എന്ന് കാണാം. ഈ രംഗത്തെ ചെലവ് ചുരുക്കാനുള്ള നടപടികളുമില്ല.

മൂലധന നിക്ഷേപത്തിനും വികസന പദ്ധതികളുടെ നടത്തിപ്പിനും ബജറ്റ് മുന്നോട്ട് വയ്ക്കുന്നത് പരാജയപ്പെട്ട കിഫ്ബി പദ്ധതിയാണ്. ബജറ്റിലെ ഏതാണ്ട് എല്ലാ പ്രധാന പദ്ധതികളും കിഫ്ബി വഴിയാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ കിഫ്ബിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ പരിശോധിയ്ക്കാം. അഞ്ച് വർഷം കൊണ്ട് 50,000 കോടി രൂപയുടെ വികസനം അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നടപ്പാക്കാനായി പ്രഖ്യാപിച്ച കിഫ്ബിയിൽ ഇപ്പോഴുള്ളത് വെറും 4,062 കോടി രൂപ മാത്രം. ഇതുവരെ 18,938 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും പണം നൽകിത്തുടങ്ങിയത് 16 പദ്ധതികൾക്ക് മാത്രം. ഇതുവരെ പദ്ധതിയ്ക്ക് വേണ്ടി ചെലവാക്കിയത് 331 കോടി രൂപ മാത്രം. വസ്തുതകൾ ഇതായിരിയ്ക്കെ കിഫ്ബി പദ്ധതി വഴി അടിസ്ഥാന ഘടക വികസനം നേടാം എന്ന ആശയത്തിന് വലിയ പ്രസക്തിയില്ല.

സാമൂഹ്യ സുരക്ഷയാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്ന ഒരു പ്രധാന കാര്യം. ദരിദ്ര ജനങ്ങൾക്കും, വൃദ്ധർക്കും ക്ഷേമ പെൻഷൻ നല്കുന്നതിലൂടെയാണ് സാമൂഹ്യ സുരക്ഷ നൽകാൻ ലക്ഷ്യമിടുന്നത്. ജനങ്ങളുടെ മെച്ചമായ ജീവിതത്തിനു ആവശ്യമായ കുടിവെള്ള വിതരണം. വൈദ്യുതി ലഭ്യത, യാത്ര സൗകര്യങ്ങൾ, അഴുക്ക് നിർമ്മാർജ്ജനം, ശുചിത്വ പ്രവർത്തനങ്ങൾ, കൊതുക് നിവാരണം, ആശുപത്രികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് കാര്യമായ പരിഗണന നൽകിയിട്ടില്ല. വേണ്ടത്ര ഭൗതിക സാഹചര്യങ്ങളും, ആരോഗ്യ പരിപാലന കാര്യങ്ങളും മറ്റും സൃഷ്ടിക്കാതെ പെൻഷൻ മാത്രം കൊടുത്ത് പ്രശ്നം പരിഹരിയ്ക്കാം എന്ന കാഴ്ചപ്പാട് ആരോഗ്യകരമായ ഒരു നടപടിയല്ല.

സർക്കാരിന്റെ ചില ഇനങ്ങളിലുള്ള ധനധൂർത്ത് കുറയ്ക്കാനുള്ള നടപടികൾ ബജറ്റിലുള്ളത് സ്വാഗതാർഹമാണ്. വാഹനം വാങ്ങുന്നതിനും, ഉപയോഗിയ്ക്കുന്നതിനുമുള്ള നിയന്ത്രണം, ചുരുക്കേണ്ട യാത്രാ ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ തുടങ്ങിയവ. പക്ഷെ ഇത്തരത്തിലുള്ള ചെറിയ നടപടികൾ ഇന്ന് സർക്കാരിന്റെ വിവിധ മേഖലയിൽ നിലനിൽക്കുന്ന ധനധൂർത്ത് ഒഴിവാക്കാൻ സഹായകരമല്ലെന്നും ചൂണ്ടി കാണിക്കേണ്ടിയിരിയ്ക്കുന്നു. ഗൾഫ് മടങ്ങി വരവ് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, റബ്ബർ വിലയിടിവ് സൃഷ്ടിച്ച കാർഷിക തളർച്ച, നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ, നോട്ടു നിരോധനം സൃഷ്ടിച്ച അസംഘടിത ചെറുകിട പരമ്പരാഗത വ്യവസായങ്ങളിലെ തകർച്ച തുടങ്ങിയവയ്ക്കൊന്നും പരിഹാരം കാണാനും ബജറ്റിൽ കാര്യമായ നിർദ്ദേശങ്ങൾ ഇല്ല. ചുരുക്കത്തിൽ ധനപ്രതിസന്ധി പരിഹരിക്കാനോ, അടിസ്ഥാനഘടക വികസനത്തിനോ, സംസ്ഥാനത്ത് അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യത്തിനോ പരിഹാരം നിർദ്ദേശിക്കാൻ ബജറ്റിനു കഴിഞ്ഞിട്ടില്ല.

**(ലേഖകൻ കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി, സംസ്ഥാന ധനകാര്യ കമ്മിഷൻ എന്നിവയുടെ മുൻ അധ്യക്ഷൻ ആയിരുന്നു)**